പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4430

21.03.2018-ൽ മറുപടിയ്ക്ക്

## കച്ചേരിത്താഴം പുതിയപാലത്തിനു സമീപം 26.10.2017-ന് ഉണ്ടായ വാഹനാപകടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനൂപ് ജേക്കബ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) എറണാകുളം ജില്ലയിൽ, മൂവാറ്റുപുഴ കച്ചേരിത്താഴം പുതിയപാലത്തിനു സമീപം 26.10.2017-ന് രാവിലെ ഉണ്ടായ വാഹനാപകടം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; കേസ് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ; | (എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൂവാറ്റുപുഴ പോലീസ് സ്റ്റേഷൻ ക്രൈം. 4112/17 u/s 279, 337, 338 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി 27.12.2017 തീയതി കുറ്റപത്രം ബഹു.കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. |
| (ബി) പ്രസ്തുത വാഹനാപകടത്തി നിരയായ പിറവം ആരക്കുന്നം എടക്കാട്ടുവയൽ വഴമടത്തിൽ വീട്ടിൽ ശ്രീ.അരുൺ തമ്പിയുടെ വലതുകാൽ മുറിച്ചു മാറ്റേണ്ടി വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത വാഹനാപകടത്തിൽ ഉൾപ്പെട്ടവരെ സംബന്ധിച്ചും അവരുടെ പരിക്കുകളെ സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കേസ്സിലെ പ്രതിയായ ലിജൻ. KL-07-BX 2612 നമ്പർ മോട്ടോർ സൈക്കിളിന്റെ റൈഡറായി ചുമതലവഹിച്ച് പെരുമ്പാവൂർ-മൂവാറ്റുപുഴ റോഡിൽ കൂടി ഓടിച്ചു വന്ന് 26.10.2017 തീയതി രാവിലെ 6.45 മണിക്ക് കച്ചേരിത്താഴം പുതിയപാലത്തിന്റെ ഗട്ടറുള്ള ഭാഗത്തു വച്ച് മുന്നിൽപോയ ഏതോ വാഹനത്തെ ഓവർടേക്ക് ചെയ്ത് വെട്ടിച്ച സമയം ബേസിൽ വർഗ്ഗീസ് എന്നയാൾ പാലത്തിലൂടെ എതിർ ദിശയിൽ ഓടിച്ചു വന്ന KL-40-F 5423 നമ്പർ മോട്ടോർ സൈക്കിളിൽ കൂട്ടിയിടിച്ച് മറിഞ്ഞ് വീണതിൽ വച്ച് ടി മോട്ടോർ സൈക്കിൾ ഓടിച്ചു വന്നിരുന്ന ബേസിൽ വർഗ്ഗീസ് എന്നയാളുടെ തലച്ചോറിന് ഗുരുതര ക്ഷതം പറ്റുന്നതിനും KL-07-BX 2612 നമ്പർ മോട്ടോർ സൈക്കിളിന്റെ |

റൈഡറായ ലിജന്റെ വലതുകാൽപാദം അസ്ഥിക്കും വലത് കൈക്കുഴ അസ്ഥിക്കും പൊട്ടലും ബൈക്കിന്റെ പിന്നിലിരുന്ന അരുണിന്റെ വലതുകാൽ മുട്ടിന് താഴെ ഭാഗത്ത് വച്ച് ഇടിച്ച് ഗുരുതര പരിക്കുകളോടെ ചികിത്സയിലിരിക്കെ വലതുകാൽ മുട്ടിന് താഴെ മുറിച്ച് മാറ്റുന്നതിനും ഇടയായിട്ടുള്ളതാണ്.

(സി) പ്രസ്തുത വാഹനാപകടത്തിന് കാരണക്കാരനായ ടിപ്പർ ലോറി ഡ്രൈവരുടെ പേരിൽ കേസെടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കുമോ ;

(സി) ടി കേസിന്മേൽ നടത്തിയ അന്വേഷണത്തിലും കണ്ടുചോദിച്ച സാക്ഷിമൊഴികളിൽ നിന്നും ടി കേസ്സിലെ പ്രതിയായ ലിജന്റെ അപകടവും ഉദാസീനവുമായ ഡ്രൈവിംഗ് മൂലമാണ് അപകടം നടന്നിട്ടുള്ളതെന്നും ടി വാഹനം ( KL-07-BX 2612) മെക്കാനിക്കൽ പരിശോധന നടത്തിയതിൽ വാഹനത്തിന്റെ കേടുപാടുകൾ കൊണ്ടല്ല അപകടം ഉണ്ടായതെന്നും, നാളിതുവരെ നടത്തിയ അന്വേഷണത്തിൽ പരാതിയിൽ പറയുന്ന ടിപ്പർ ലോറി ഈ സംഭവത്തിൽ ഉൾപ്പെട്ടിട്ടില്ലാ എന്നും അപകടം നടന്ന സമയം ടിപ്പർ ലോറി അതുവഴി പോയതായി ആരും കണ്ടിട്ടില്ല എന്നും അന്വേഷണത്തിൽ വെളിവായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ കേസ്സെടുത്തിട്ടില്ലാത്തതുമാണ്.

(ഡി) അപകടത്തിനിരയായ ബൈക്ക് ഓടിച്ചിരുന്ന വ്യക്തിയെ പ്രതിയാക്കിയിട്ടുണ്ടോ എന്നും എങ്കിൽ പ്രസ്തുത നടപടി പുനഃപരിശോധിച്ച് ശരിയായ

(ഡി) അപകടത്തിനിരയായ ബൈക്ക് ഓടിച്ചിരുന്ന ലിജനെ പ്രതിയാക്കി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സിലെ പ്രതിയുടെ സുഹൃത്ത് അന്വേഷണത്തിൽ അപാകതയുണ്ടെന്ന്

| | |
|---|---|
| അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും അപകടത്തിനിരയായവർക്ക് നീതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുമോയെന്ന് വ്യക്തമാക്കുമോ ? | കാണിച്ച് പരാതി നൽകിയിട്ടുള്ളതിനാൽ ടി കേസ്സ് 173(8) CrPC പ്രകാരം പുനരന്വേഷണത്തിന് ജില്ലാ പോലീസ് മേധാവിയുടെ 15.03.2018-ലെ ഡി2/15772/2018 ഉത്തരവ് പ്രകാരം മൂവാറ്റുപുഴ എസ്.എച്ച്.ഒ യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ